(ബി) മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടച്ച സംഖ്യ തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ഷേമനിധിയിൽ അംഗത്വമെടുത്തവർക്ക് മൂന്നു വർഷത്തിനുശേഷമേ ആനുകൂല്യങ്ങൾ ലഭ്യമാക്കൂ എന്നത് മാറ്റി അംഗത്വമെടുത്ത എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മറ്റുക്ഷേമനിധികളിൽ ഉള്ളതുപോലെ വിവാഹ ധനസഹായമുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശ്രിതർക്ക് പെൻഷൻ നൽകാൻ പദ്ധതിയില്ല. എന്നാൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 5,000 രൂപ ധനസഹായം നൽകാറുണ്ട്.

(ബി) അടച്ച സംഖ്യ തിരിച്ചു നൽകാൻ വ്യവസ്ഥയില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്നുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ തൽക്കാലം പരിഗണനയിലില്ല.

ജില്ലാതല കായികമേള

109 [3365] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് വികസനവുമായി ബന്ധപ്പെട്ട് ജില്ലാതല കായികമേള സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇത്തരം കായികമേളകൾ നടത്തുന്നതിന് ഏതെങ്കിലും ഏജൻസി ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) & (ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സഹകരണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ജില്ലാതല കായികമേളകൾ സംഘടിപ്പിക്കുന്നുണ്ട്. പക്ഷേ, ഈ മത്സരങ്ങളിൽ അത്‌ലറ്റിക്സ്-ഗെയിംഗ് ഇനങ്ങളായ വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ എന്നിവയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly